"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ: സി1/45290/14

KSHB, ശാന്തിനഗർ,
തിരുവനന്തപുരം.
തീയതി: 13/11/2014

## വിജ്ഞാപനം

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- എസ്.സി.വി.ടി പരീക്ഷ വിജയിച്ച ട്രെയിനികൾക്കും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ളവർക്കും പ്രൈവറ്റായി എൻ.സി.വി.ടി പരീക്ഷ എഴുതുന്നതിന് പ്രത്യേക അഡ്മിഷൻ രജിസ്റ്റർ സൂക്ഷിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 27/05/14 ലെ ഡി.ജി.ഇ.റ്റി-19/07(14)/2014 സി.ഡി നമ്പർ കത്ത്.
2) 14/10/2014 ലെ ജി2/35918/14 നമ്പർ വിജ്ഞാപനം.
3) 14/10/2014 ലെ ജി2/35919/14 നമ്പർ വിജ്ഞാപനം.

********

എസ്.സി.വി.ടി സെമസ്റ്റർ സമ്പ്രദായത്തിൽ ഒരു സെമസ്റ്റർ പരീക്ഷ എഴുതി വിജയിച്ചവർക്ക് അതേ സെമസ്റ്ററിലെ എൻ.സി.വി.ടി പരീക്ഷ പ്രൈവറ്റായി എഴുതാവുന്നതാണെന്ന് സൂചന (1) പ്രകാരം ഡി.ജി.ഇ.റ്റി അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2015 ജനുവരി മാസത്തിൽ നടത്തുന്ന പരീക്ഷയ്ക്ക് വേണ്ടിയുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് സൂചന (2) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് പ്രൈവറ്റായി പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് സൂചന (3) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ടി രണ്ടു വിജ്ഞാപനങ്ങളിലും, പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന ട്രെയിനികളുടെ വിവരം പ്രത്യേക അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി അതാത് പ്രിൻസിപ്പാൾമാർ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ് എന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം തയ്യാറാക്കുന്ന അഡ്മിഷൻ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അതാത് മേഖലകളിലെ ഐ.ടി മാർ പരിശോധിച്ച് വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടുള്ള തീയതി അടിസ്ഥാനമാക്കി അഡ്മിഷൻ ക്ലോസ് ചെയ്യേണ്ടതാണ്. ഡയറക്ടറേറ്റിൽ നിന്ന് ആവശ്യപ്പെടുന്ന മുറയ്ക്ക് ടി രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ ഗവ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും ഐ.ടി.മാർക്കും.
(വകുപ്പ് വെബ് സൈറ്റ് മുഖേന)

എസ്.6.11.14